**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5132** **20-03-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ മുതലമട-2, കൊല്ലങ്കോട്-1, അയിലൂർ എന്നീ വില്ലേജുകളെ ഡിജിറ്റൽ സർവെയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാരംഭ സർവെ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്.മണ്ഡലത്തിലെ മറ്റ് വില്ലേജുകൾ ഡിജിറ്റൽ സർവെ പദ്ധതിയുടെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂരിത്തിയാക്കുന്നതാണ്. |
| (ബി) | നിലവിൽ ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിലെ 200 വില്ലേജുകളും, രണ്ടാം ഘട്ടത്തിലെ 239 വില്ലേജുകളിൽ 61 വില്ലേജുകളും ഉൾപ്പെടെ ആകെ 261 വില്ലേജുകളുടെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ സർവെ ബാണ്ടറീസ് ആക്ട് ആന്റ് റൂൾ പ്രകാരമുള്ള സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി, സർവെ രേഖകൾ പ്രദർശനത്തിന് വയ്ക്കുകയും , തുടർന്ന് ലഭിച്ച എ.എൽ.സി അപേക്ഷകളിൻമേൽ അടിയന്തര തീർപ്പ് കല് പിച്ചും വരുന്നു. രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമായി തെരഞ്ഞെടുത്ത മറ്റ് വില്ലേജുകളുടെ ഫീൽഡ് സർവെ ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.കാസർകോട് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ സർവെ അതിരടയാള നിയമ പ്രകാരമുള്ള സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഡിജിറ്റൽ സർവെ പൂർത്തിയായി സർവെ ബൗണ്ടറീസ് ആക്ട് സെക്ഷൻ 13 വിജ്ഞാപനം നടത്തിയ വില്ലേജുകളിൽ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം (ILIMS )നടപ്പിലാക്കും. നിലവിൽ ആദ്യ പടിയായി 13 വിജ്ഞാപനം കഴിഞ്ഞ് ILIMS നടപ്പിലാക്കിയത് ഒരു വില്ലേജിലാണ് (ഉജ്ജാർ ഉൾവാർ-കാസർഗോഡ്ജില്ല). ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, |

സർവെ,രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടൽ ILIMS വഴി നിരവധി സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഭൂമിയുടെ കൈമാറ്റത്തിനായി ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻസ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമി നികുതി അടവ്, ന്യായവിലനിർണ്ണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റൽ തുടങ്ങി നിരവധി സേവനങ്ങൾ ഇനി ILIMS എന്ന ഒറ്റ പോർട്ടൽ വഴി ലഭിക്കും. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതു വഴി വർദ്ധിക്കും. സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ഉറപ്പാകുന്നതോടെ ഭൂരേഖകൾക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പൂർണ്ണ സംരക്ഷണം ലഭിക്കും. ഭൂരേഖാവിവരങ്ങളുടെ നിരന്തരവും കൃത്യവുമായ ഡിജിറ്റലായി നാളതീകരിച്ച സ്കെച്ചോടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി നടക്കുന്നതാണ്. കൂടാതെ ഭൂപ്രദേശത്തെക്കുറിച്ചുള്ള വിവരങ്ങളും രേഖകളും ഡിജിറ്റൽ ആയി സൂക്ഷിക്കപ്പെടുന്നതിനാൽ,വിവരങ്ങളുടെ കൃത്യത ഉറപ്പാക്കപ്പെടുകയും, ഭൂരേഖകളിലെ പിഴവുകൾ ഒഴിവാക്കാനുമാകും. ഓൺലൈനായി രേഖകളുടെ ലഭ്യതയും, സർട്ടിഫിക്കറ്റുകൾ, അനുമതികൾ എന്നിവ ലഭ്യമാകുന്നതിനാൽ നടപടികൾ വേഗത്തിൽ പൂർത്തിയായി പൊതുജനങ്ങൾക്ക് സേവനങ്ങൾ വളരെ പെട്ടെന്ന് ലഭിക്കുന്നു. ലാന്റ് ടാക്സ്, രജിസ്ട്രേഷൻ ഫീസ് മുതലായവ ഓൺലൈനായി അടയ്ക്കാവുന്നതും, ഇടപാടുകളുടെ ട്രാക്കിംഗ്മുതലായവയിലൂടെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ പെട്ടെന്നും, കാര്യക്ഷമമായും ലഭ്യമാകും. പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂമിസംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്ന നടപടികൾ നടന്നുവരുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സർവെ

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും “എന്റെ ഭൂമി" എന്ന ഓൺലൈൻ വഴി സർവെ സംബന്ധമായ വിവരങ്ങൾ ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ [പ്രി 9(2) പ്രദർശനങ്ങൾ] റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. കൂടാതെ പൊതു ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ട്ടിക്കുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനും സഹായിക്കുന്നതിനായി നെന്മാറ മണ്ഡലത്തിലെ മുതലമട-2, കൊല്ലങ്കോട്, അയിലൂർ എന്നീ വില്ലേജുകളിലെ എല്ലാ വാർഡുകളിലും വാർഡ് തലത്തിൽ ലോക്കൽ വോളണ്ടിയർമാരെ കൂടി ചേർത്ത് കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർവെ ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ